8693
15/4/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ചങ്ങനാശ്ശേരി നഗരസഭയിൽ ഓവർസീയർ ആയിരുന്ന ശ്രീ. വി എം.തങ്കച്ചന്റെ -സസ്പെൻഷൻ കാലയളവ് ക്രമവൽകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.1036/2017/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 31/03/2017

---

പരാമർശം 1 03.07.2012-ലെ സ.ഉ. (സാധാ) 1851/2012/തസ്വഭവ. നം. ഉത്തരവ്.
2 22.03.2013-ലെ സ.ഉ. (സാധാ) 731/2013 തസ്വഭവ. നം. ഉത്തരവ്.
3 14.05.2015-ലെ സ.ഉ. (സാധാ) 66/2015/വിജി.. നം. ഉത്തരവ്.
4 03.06.2015-ലെ ശ്രീ. വി എം.തങ്കച്ചന്റെ അപേക്ഷ.
5 തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.07-2015-ലെ ഇ 21/2104/2013/സി.ഇ./തസ്വഭവ. നം. കത്ത്.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ ഓവർസീയർ ആയിരിക്കെ ശ്രീ. വി എം.തങ്കച്ചനെ പരാമർശം 1 പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് പരാമർശം 2 പ്രകാരം സർവ്വീസിൽ പുനപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പി.എ.യു ഇടുക്കിയിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് അസി.എക്സി. എൻജിനീയർ, അടിമാലി ബ്ലോക്ക്, പി.എ.യു ഇടുക്കി എന്നിവർക്ക് അയച്ചു കൊടുത്തിരുന്നുവെങ്കിലും ആയത് അടിമാലി ബ്ലോക്കിൽ നിന്നും ശ്രീ. വി എം.തങ്കച്ചന് അയച്ചു കൊടുത്തത് 06.07.2013-ലാണ്. 25.07.2013-ൽ പ്രസ്തുത ഉത്തരവ് കൈപ്പറ്റിയതിനെ തുടർന്ന് 29.07.2013 ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു 30-11-2013 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. വി എം.തങ്കച്ചനെതിരെയുള്ള അച്ചടക്കനടപടി ഒഴിവാക്കികൊണ്ട് വിജിലൻസ് വകുപ്പ് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെട്ടുവിച്ചിട്ടുണ്ട്.

തന്റെ സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന ശ്രീ. വി എം.തങ്കച്ചൻ പരാമർശം 4 പ്രകാരം അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിനായി ചീഫ് എഞ്ചിനീയർ പരാമർശം 5 പ്രകാരം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 30-11-2013 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. വി എം.തങ്കച്ചൻ, ഓവർസീയറുടെ സസ്പെൻഷൻ കാലയളവായ

3.7.2012 മുതൽ 21.3.2013 വരെ ടി കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി, എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും, 22.3.2013 മുതൽ ജോലിയിൽ തിരികെ പ്രവേശിച്ച 28-07-2013 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ചട്ടം 56 ബി(9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം ടിയാന് ചട്ട പ്രകാരം അർഹമായപ്രവേശനകാലമായും അതിനുശേഷമുള്ള കാലയളവ് അർഹമായ അവധിയായായും ക്രമീകരിക്കാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനി. എം**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. വി എം.തങ്കച്ചൻ, റിട്ട്. ഓവർസീയർ (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖാന്തിരം).
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4. സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ
5. തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ